കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് - രണ്ടാം വാർഡിലെ വട്ടത്തറ ഭാഗത്തെ റോഡിന്റെ തുടർച്ചയായുള്ള സമാന്തര റോഡ് - റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് അറ്റകുറ്റപ്പണി നടത്തുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.385/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 07.02.2018

വായന :- 1. കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.01.2018 ലെ A2- 800/17-ാം നമ്പർ കത്തും 23.12.2017-ലെ 3(1)ാം നമ്പർ ഭരണസമിതി തീരുമാനവും

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2018-ലെ തീരുമാനം നം. 4.66

**ഉത്തരവ്**

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിലെ വട്ടത്തറ ഭാഗത്തെ റോഡിന്റെ തുടർച്ചയായുള്ള സമാന്തര റോഡ് റെയിൽവേയുടെ സ്ഥലത്തുകൂടിയാണ് കടന്നുപോകുന്നതെന്നും ഇത് സഞ്ചാരയോഗ്യമല്ലാത്തതിനാൽ തനത് ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപ്പണി നടത്താൻ 23.03.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ അനുമതി നൽകിയിരുന്നുവെന്നും (ഖണ്ഡിക 3.42) തനത് ഫണ്ട് കുറവായതിനാൽ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് അറ്റകുറ്റപ്പണി നടത്താൻ അനുമതി നൽകണമെന്നും നിർമ്മാണം നടത്താൻ റെയിൽവേ അനുമതി നൽകിയിട്ടുണ്ടെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

2) 17.01.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ 4.66 നമ്പർ തീരുമാനപ്രകാരം രണ്ടാം വാർഡിലെ വട്ടത്തറ ഭാഗത്തെ റോഡിന്റെ തുടർച്ചയായുള്ള സമാന്തര റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് അറ്റകുറ്റപ്പണി നടത്താൻ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം
പ്രസിഡണ്ട്, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ(അർബൻ) പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (റൂറൽ) പി.എയ്ക്ക്

അംഗീകാരത്തോടെ
[signature]
സെക്ഷൻ ഓഫീസർ